LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ലയിൽ പഞ്ചായത്ത്/മുനിസിപ്പൽ വിഭജനം

204 (1621) ശ്രീ.കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ പഞ്ചായത്ത്/മുനിസിപ്പൽ വിഭജനങ്ങളുടെ ഭാഗമായി എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഭജനത്തിന് മാനദണ്ഡം പാലിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ മുനിസിപ്പിലാറ്റിയും പള്ളിക്കുന്ന്, പുഴാതി, എടക്കാട്, എളയാവൂർ, ചേലോറ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളും കൂട്ടിച്ചേർത്ത് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനും തളിപ്പറമ്പ് മുനിസിപ്പാലിറ്റി വിഭജിച്ച് ആന്തൂർ മുനിസിപ്പാലിറ്റി രൂപീകരിക്കുവാനും കീഴ്ർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത് പ്രദേശം മുനിസിപ്പാലിറ്റിയായി പരിവർത്തനപ്പെടുത്തുന്നതിനും പാനൂർ, പെരിങ്ങളം, കരിയാട് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് പാനൂർ മുനിസിപ്പാലിറ്റി രൂപീകരിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഉണ്ട്. ജനസംഖ്യ, ഭൂവിസ്തൃതി, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, മെച്ചപ്പെട്ട സർവ്വീസ് ഡെലിവറി ലഭ്യമാക്കുന്നതിനുള്ള സൗകര്യം എന്നിവയാണ് മുഖ്യമാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്.

ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക

205 (1622) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾവഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ ;

(ബി) പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) നടപ്പു സാമ്പത്തിക വർഷം ഓരോ പെൻഷനും വേണ്ടി നീക്കിവച്ച തുക സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) ഓരോ പെൻഷന് വേണ്ടിയും നാളിതുവരെ ചെലവാക്കിയ തുക എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകൾ വഴി വിതരണം ചെയ്യുന്ന ക്ഷേമപെൻഷനുകളുടെ കുടിശ്ശിക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു :

		തുക രൂപയിൽ
1.	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	4980100800
2.	വികലാംഗ പെൻഷൻ	2086899500
3.	വിധവാ പെൻഷൻ	7199681600
4.	കർഷകത്തൊഴിലാളി പെൻഷൻ	3358879800
5.	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	460497600
	ആകെ കുടിശ്ശിക	18086059300

നഗരസഭകൾവഴി വിതരണം ചെയ്ത ക്ഷേമപെൻഷനുകളുടെ കുടിശ്ശിക സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ബി) നിലവിലുള്ള ക്ഷേമപെൻഷൻ കുടിശ്ശിക 2015 മാർച്ച് 31-ന് മുമ്പ് കൊടുത്ത് തീർക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നടപ്പു സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തുകൾവഴി വിതരണം ചെയ്യുവാൻ ഓരോ പെൻഷനും വേണ്ടി നീക്കിവച്ച തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു :

		തുക രൂപയിൽ
1.	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	1300000000
2.	വികലാംഗ പെൻഷൻ	2695134000
3.	വിധവാ പെൻഷൻ	7332738000
4.	കർഷകത്തൊഴിലാളി പെൻഷൻ	3584519000
5.	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	505362000

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓരോ പെൻഷനുവേണ്ടിയും നാളിതുവരെ ഗ്രാമപഞ്ചായത്തുകൾ ചെലവാക്കിയ തുക സംബന്ധിച്ച വിവരം

		തുക രൂപയിൽ
1.	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ	3795544946
2.	വികലാംഗ പെൻഷൻ	1983954893
3.	വിധവാ പെൻഷൻ	5962234025
4.	കർഷകത്തൊഴിലാളി പെൻഷൻ	1617021843
5.	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	393794586
	ആകെ കടിശ്ശിക	13752550293

കാഞ്ഞങ്ങാട് മണ്ഡലത്തിലെ പൊതുശ്മശാനങ്ങൾ

206 (1623) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ പൊതുശ്മശാനങ്ങൾ ഇല്ലാത്ത ഗ്രാപഞ്ചായത്തുകളായ ബളാൽ കള്ളാർ, പനത്തടി എന്നിവിടങ്ങളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കാൻ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഈ പഞ്ചായത്തുകളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ബളാൽ, കള്ളാർ, പനത്തടി ഉൾപ്പെടെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. 2014-15 സാമ്പത്തിക വർഷത്തിൽ ഇതിലേക്കായി 10 കോടി രൂപ ബഡ്ജറ്റിൽനിന്നും അനുവദിച്ചിട്ടുണ്ട്. ബളാൽ, കള്ളാർ, പനത്തടി എന്നീ ഗ്രാമപഞ്ചായത്തുകൾ ഈ പദ്ധതിക്കായി ഫണ്ട് വകയിരുത്തിയിട്ടില്ല.

(സി) ബളാൽ ഗ്രാമപഞ്ചായത്തിന് ശ്മശാനം നിർമ്മിക്കുന്നതിനെതിരെ പൊതുജനങ്ങളിൽ നിന്നുള്ള എതിർപ്പും, കള്ളാർ, പനത്തടി എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് സ്വന്തമായി സ്ഥലമില്ലാത്തതുമാണ് പദ്ധതി നടപ്പാക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന് കാരണം.

LIBRARY ARCHIVES Kerala Legislative Assembly